ഭരണഭാഷ-മാതൃഭാഷ

# കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ക്രമം

കോളേജ് വിദ്യാഭ്യാസവകുപ്പ്-ജീവനക്കാര്യം-എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ഗവണ്മെന്റ് ലോ കോളേജുകളിലെ ഇക്കണോമിക്സ് തസ്തിക ഷിഫ്റ്റ് ചെയ്തത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ് നം. ബി4/41186/2012/കോ.വി.വ. തീയതി: 21-05-2013**

പരാമർശം: 1. 08-11-2012 ലെ ബി6/12 നമ്പരായുള്ള എറണാകുളം ഗവണ്മെന്റ് ലോ കോളേജ് പ്രിൻസിപ്പലിന്റെ കത്ത്.
2. 09-11-2012-ലെ കോഴിക്കോട് ഗവണ്മെന്റ് ലോ കോളേജ് പ്രിൻസിപ്പലിന്റെ കത്ത്.
3. 03-10-2012-ലെ എ1/45/10 നമ്പരായുള്ള തൃശ്ശൂർ ഗവണ്മെന്റ് ലോ കോളേജ് പ്രിൻസിപ്പലിന്റെ കത്ത്.
4. 17-11-2012 ലെ ഈ ഓഫീസിലെ ഇതേ നമ്പർ കത്ത്.
5. 07-05-2013-ലെ 45269/എഫ്2/12/ഉ.വി.വ. നമ്പർ സർക്കാർ കത്ത്.

## ഉത്തരവ്

പരാമർശം 1,2,3 പ്രകാരം എറണാകുളം , കോഴിക്കോട്, തൃശ്ശൂർ ഗവണ്മെന്റ് ലോ കോളേജ് പ്രിൻസിപ്പൾമാർ 2011-2012 അദ്ധ്യായന വർഷത്തിൽ പാഠ്യപദ്ധതി പരിഷ്കരിച്ചതിന്റെ ഭാഗമായി ഇക്കണോമിക്സ് വിഷയത്തിലെ അദ്ധ്യാപക തസ്തികകൾ നിറുത്തലാക്കിയതിനാൽ 'ടി' തസ്തികകളിൽ അദ്ധ്യാപകരെ ആവശ്യമില്ലെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം(4) പ്രകാരം 'ടി' തസ്തികകൾ ഷിഫ്റ്റ് ചെയ്യാൻ സർക്കാരിലേക്ക് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) പ്രകാരം 'ടി' തസ്തികകൾ ഷിഫ്റ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കാൻ സർക്കാർ അനുമതി നൽകിയിരുന്നു. ആയതിനാൽ വിവരങ്ങൾ ചുവടെ ചേർക്കുന്ന പ്രകാരം ടി കോളേജിലെ ഇക്കണോമിക്സ് തസ്തികകൾ ഷിഫ്റ്റ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

| ഒഴിവ് നിറുത്തലാക്കിയ സ്ഥാപനം | ഒഴിവ് നിറുത്തലാക്കിയ സ്ഥാപനങ്ങളിലെ തസ്തികകളുടെ എണ്ണം | ഒഴിവ് ഷിഫ്റ്റ് ചെയ്യുന്ന സ്ഥാപനം | ഷിഫ്റ്റ് ചെയ്യുന്ന സ്ഥാപനങ്ങളിൽ നിലവിലുള്ള തസ്തിക | ആകെ തസ്തിക |
|---|---|---|---|---|
| ഗവണ്മെന്റ് ലോ കോളേജ്, തൃശ്ശൂർ | 1 | ഗവണ്മെന്റ് കോളേജ്, മൂന്നാർ | 3 | 4 |
| ഗവണ്മെന്റ് ലോ കോളേജ്, എറണാകുളം | 1 | ഗവണ്മെന്റ് കോളേജ്, ചിറ്റൂർ | 3 | 4 |
| ഗവണ്മെന്റ് ലോ കോളേജ്, കോഴിക്കോട് | 1 | കെ.എൻ.എം. ഗവണ്മെന്റ് വിമൻസ് കോളേജ്, കണ്ണൂർ. | 6 | 7 |

നിലവിൽ തൃശ്ശൂർ ഗവണ്മെന്റ് ലോ കോളേജിൽ സേവനമനുഷ്ഠിച്ചിരിക്കുന്ന ശ്രീ. സീയാർ മനോരാജിനെ തൃശ്ശൂർ ഗവണ്മെന്റ് കോളേജിൽ ശ്രീമതി. കെ.കെ. രേണു വിരമിച്ച ഒഴിവിലും, എറണാകുളം ഗവണ്മെന്റ് ലോ കോളേജിലെ ശ്രീമതി. നിശാന്തി. പി.യു വിനെ എറണാകുളം മഹാരാജാസ് കോളേജിൽ ശ്രീമതി. റോസമ്മ ജോൺ വിരമിച്ച ഒഴിവിലും സ്ഥലം മാറ്റം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

( ഒപ്പ് )

**കെ. അജയകുമാർ. ഐ. എ. എസ്.**

**കോളേജ് വിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്:-

1. ആക്കൌണ്ടന്റ് ജനറൽ, കോട്ടയം
2. പ്രിൻസിപ്പാൾ, ഗവണ്മെന്റ് ലോ കോളേജ്, കോഴിക്കോട്, തൃശ്ശൂർ, എറണാകുളം
3. പ്രിൻസിപ്പാൾ, ഗവണ്മെന്റ് കോളേജ്, മൂന്നാർ, ഗവണ്മെന്റ് കോലേജ്, ചിറ്റൂർ, ഗവണ്മെന്റ് കെ.എൻ.എം. ഗവണ്മെന്റ് വിമൻസ് കോളേജ്, കണ്ണൂർ
4 ശ്രീമതി. നിശാന്തി. പി.യു,(പ്രിൻസിപ്പൽ മുഖേന)
5. ശ്രീ. സിയാർ മനോരാജ്, (പ്രിൻസിപ്പൽ മുഖേന)
6. കരുതൽ ഫയൽ/നടപ്പ് ഫയൽ

\\ അംഗീകാരത്തോടെ \\

**സൂപ്രണ്ട്**

എ കെ 22-05-13